സി1/22921/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 11-11-2015

## സർക്കുലർ നം. 25/2015

**വിഷയം: മോട്ടോർ വാഹന വകുപ്പ്-ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്**

**സൂചന: സർക്കുലർ നം.11/2008 തീയതി 04-04-2008**

ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് സൂചനപ്രകാരം നൽകിയിരുന്ന നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ ഉദ്യോഗസ്ഥർ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ധാരാളം പരാതികൾ ലഭിച്ചു കൊണ്ടിരിക്കുകയാണ്. ആയതിനാൽ സർക്കുലർ 11/2008ലെ ചില വ്യവസ്ഥകൾ ഉദ്യോഗസ്ഥരുടെ അറിവിലേക്കായി ഒന്നു കൂടി നൽകുകയാണ്.

(1). നിലവിലുള്ള ലൈസൻസ് നഷ്ടപ്പെട്ടതിന്റെ ഫലമായി ലൈസൻസ് ഹോൾഡർ നേരിട്ട് ഡ്യൂപ്ലിക്കേറ്റ് ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ വെള്ള പേപ്പറിൽ സ്വന്തമായി തയ്യാറാക്കിയ സത്യവാങ്മൂലം സമർപ്പിച്ചാൽ മതിയാകും. ഇതിനായി മുദ്രപത്രം, നോട്ടറി സാക്ഷ്യപ്പെടുത്തൽ എന്നിവ ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

(2). അപേക്ഷകന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ 100 രൂപയുടെ മുദ്രപത്രത്തിൽ സർക്കുലർ-11/2008നൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

(3). ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് അപേക്ഷയോടൊപ്പം പോലീസ് റിപ്പോർട്ട്, പത്രപരസ്യം തുടങ്ങിയവ ആവശ്യപ്പെടുവാൻ പാടില്ല.

(4). നിലവിലുള്ള ലൈസൻസ് ഭാഗികമായി നശിച്ചതുമൂലം **(Damaged/mutilated)** ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് എടുക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ നിലവിലെ ഭാഗികമായി നശിച്ച ലൈസൻസ് ഹാജരാക്കിയാൽ മതിയാകും. ഇതിന് സത്യവാങ്മൂലം ആവശ്യമില്ല. എന്നാൽ പൂർണ്ണമായും നശിച്ച വിശദാംശങ്ങൾ ഒന്നും ലഭ്യമല്ലാത്ത ലൈസൻസിന് ഇത് ബാധകമായിരിക്കുകയില്ല.

(5). കേരളത്തിലെ ഏതെങ്കിലും ലൈസൻസിംഗ് അതോറിറ്റി നൽകിയിട്ടുള്ള ലൈസൻസ് പുതുക്കുന്നതിന് ലൈസൻസ് ഹോൾഡറിന്റെ സ്ഥിരം മേൽവിലാസം ഏത് ലൈസൻസിംഗ് അതോറിറ്റിയുടെ കീഴിലാണോ വരുന്നത് പ്രസ്തുത ലൈസൻസിംഗ് അതോറിറ്റിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത ലൈസൻസിംഗ് അതോറിറ്റി വകുപ്പിന്റെ വെബ് സൈറ്റിൽ ലൈസൻസിന്റെ വിശദാംശങ്ങൾ പരിശോധിച്ച് നിലവിലുള്ള ലൈസൻസിൽ

നിന്നും പ്രകടമായ വ്യത്യാസങ്ങൾ ഒന്നും തന്നെയില്ലെങ്കിൽ ലൈസൻസ് പുതുക്കി നൽകേണ്ടതാണ്. **ഇതിനു വേണ്ടി ഒറിജിനൽ ലൈസൻസിംഗ് അതോറിറ്റിയിൽ നിന്നും ഡ്രൈവിംഗ് ലൈസൻസിന്റെ വിശദാംശങ്ങൾ ഹാജരാക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടുള്ളതല്ല.** എന്നാൽ വകുപ്പിന്റെ വെബ് സൈറ്റിലെ വിവരങ്ങൾ നിലവിലുള്ള ലൈസൻസിൽ നിന്നും കാതലായ വ്യത്യാസങ്ങളുണ്ടെങ്കിൽ ഒറിജിനൽ ലൈസൻസിംഗ് അതോറിറ്റിയിൽ നിന്നും ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ് ആവശ്യപ്പെടാവുന്നതാണ്.

(6) ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് അപേക്ഷകൾ, അപേക്ഷകൻ നേരിട്ട് സമർപ്പിക്കുകയാണെങ്കിൽ ഓഫീസിൽ അപ്പോൾ സന്നിഹിതരായിട്ടുള്ള മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരിൽ ആരുടെയെങ്കിലും ഉത്തരവോടു കൂടി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി തീർപ്പ് കൽപിക്കേണ്ടതാണ്.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാത്ത ഓഫീസ് മേധാവികൾക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

13/4/18